കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 10 | ലക്കം 19 | ജനവരി 15 2023

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

3 ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെ സ്റ്റാൾ ശ്രദ്ധേയമാകുന്നു
4 നെടുമങ്ങാട് കൃഷിദർശൻ പരിപാടി സ്വാഗതസംഘം രൂപീകരിച്ചു
7 അട്ടപ്പാടി മില്ലറ്റ് ലോക മാർക്കറ്റിൽ എത്തിക്കും : കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

## പൂപ്പൊലി അന്താരാഷ്ട്ര പുഷ്പമേള ബഹു. മന്ത്രി ശ്രീ. എ.കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു



പ്രതീക്ഷയുടെയും സന്തോഷത്തിന്റെയും പ്രതീകമായ പൂപ്പൊലി ലോക ടൂറിസം ഭൂപടത്തിൽ വയനാടിന് തനതായ ഒരു സ്ഥാനം നേടിക്കൊടിത്തിട്ടുണ്ട് . സ്വദേശത്തും വിദേശത്തും ഉള്ള പൂക്കളുകളുടെ വർണ്ണരാജി ആരെയും വിസ്മയിപ്പിക്കുന്നതാണ്. പൂപ്പൊലി പൂക്കളുകളുടെ വിസ്മയലോകം തീർക്കുക മാത്രമല്ല അന്താരാഷ്ട്ര മാർക്കറ്റിൽ പൂക്കളുകളുടെ ആവശ്യകതയും മാർക്കറ്റിംഗ് സാധ്യതയും വെളിപ്പെടുത്തുന്ന ഒന്നാണ്.

കേരള കാർഷിക സർവ്വകലാശാലയും കൃഷിവകുപ്പും മറ്റ് അനുബന്ധ ഡിപ്പാർട്ട്മെന്റുകളും ഒരുമിച്ച് പൂകൃഷി വിപുലപ്പെടുത്തുന്നതിന് വേണ്ടിയുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനം എടുക്കണം. മറ്റ് കാർഷിക വിളകൾക്ക് നൽകുന്ന അതേ പ്രാധാന്യം പൂകൃഷിക്ക് ലഭ്യമാക്കണം. പൂകൃഷിക്ക് ആവശ്യമെങ്കിൽ പ്രത്യേക പദ്ധതി തന്നെ രൂപീകരിക്കണം. ബഹു. മന്ത്രി ശ്രീ. എ.കെ. ശശീന്ദ്രൻ അഭിപ്രായപ്പെട്ടു.

ഉത്ഘാടന ദിനത്തിൽ സംഘടിപ്പിച്ച വിളംബര ജാഥയിൽ ജനപ്രതിനിധികൾ, ആർ എ ആർ എസ് ലെ ജീവനക്കാർ, തൊഴിലാളികൾ, കാർഷിക കോളേജ് വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു

ജനവരി 1 മുതൽ 15 വരെ തുടരുന്ന പൂപ്പൊലി പുഷ്പോത്സവത്തിൽ വിവിധ ഇനം സസ്യങ്ങൾകൊണ്ടും പൂക്കൾകൊണ്ടും മനോഹരമായ പൂന്തോട്ടം, കാർഷിക സെമിനാറുകൾ, സ്റ്റാളുകൾ, കലാസന്ധ്യ എന്നിവയാണ് പ്രധാന ആകർഷണം. പൂപ്പൊലിയുടെ രണ്ടാമത്തെ ദിവസമായ നാളെ രാവിലെ 10 മണി മുതൽ 1 മണി വരെ "സംയോജിത കൃഷി സമ്പ്രദായം; വയനാടിലെ സാധ്യതകൾ" എന്ന വിഷയത്തിൽ ഡോ, ജേക്കബ് ജോൺ (ഡയറക്ടർ ഓഫ് എക്സ്ടെൻഷൻ) അവതരിപ്പിക്കുന്ന കാർഷിക സെമിനാർ ഉണ്ടാകും .വൈകുന്നേരം 7 മണി മുതൽ കലാപരിപാടികൾ ആരംഭിക്കും.

ചടങ്ങിൽ സുൽത്താൻബത്തേരി എം.എൽ.എ ശ്രീ. ഐ.സി. ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ആദ്യ ടിക്കറ്റ് വില്പനയുടെ ഉദ്ഘാടനം കൽപ്പറ്റ എം.എൽ.എ ശ്രീ. ടി. സിദ്ദിഖ് നിർവഹിച്ചു. വയനാട് എം പി ശ്രീ. രാഹുൽ ഗാന്ധിയുടെ സ്നേഹ സന്ദേശം ചടങ്ങിൽ വായിച്ചു. സുൽത്താൻബത്തേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. അസൈനാർ സി. സ്റ്റാൾ ഉദ്ഘാടനം നിർവഹിച്ചു.

തൃക്കാക്കര എം.എൽ.എ ശ്രീമതി. ഉമാ തോമസ്, ത്രിതല ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ ആശംസകൾ അറിയിച്ചു. കാർഷിക സർവ്വകലാശാല ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ ഡോ. ജേക്കബ് ജോൺ സ്വാഗതവും അമ്പലവയൽ കാർഷിക കോളേജ് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് ആൻഡ് ഡീൻ ഡോ. കെ അജിത് കുമാർ നന്ദിയും പറഞ്ഞു.

ചീഫ് എഡിറ്റർ - പത്മം എസ്.
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവാൻ
അസോസിയേറ്റ് എഡിറ്റർ - ബി.കെ. അനിൽ
അസിസ്റ്റന്റ് എഡിറ്റർ - മുഹമ്മദ് റിയാസ്

# പൂപ്പൊലി സെമിനാറിൽ വൻ കർഷക പ്രാതിനിത്യം

പൂപ്പൊലിയോട് അനുബന്ധിച്ച് നടന്ന കർഷക സെമിനാർ വൻ കർഷക പ്രാധിനിത്യം കൊണ്ട് ശ്രദ്ധേയമായി.

ഇന്ന (2023 ജനവരി രണ്ടിന് ) അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രവും കൃഷി വിജ്ഞാന കേന്ദ്രവും ചേർന്ന കെ.വി.കെ ട്രെയിനിങ് ഹാളിൽ രാവിലെ 10 മണി മുതൽ ആണ് സെമിനാർ സംഘടിപ്പിച്ചത്. അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രം മേധാവി ഡോ. കെ.അജിത്കുമാർ ആമുഖ പ്രഭാഷണം നടത്തി . കാർഷിക സർവകലാശാല വിജ്ഞാന വ്യാപന മേധാവിയും ശാസ്ത്രജ്ഞനും ആയ ഡോ. ജേക്കബ് ജോൺ" സംയോജിത കൃഷി സമ്പ്രദായം - വയനാട്ടിലെ സാധ്യതകൾ " എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു.




നെല്ലധിഷ്ഠിത സംയോജിതകൃഷി, പുരയിടാധിഷ്ഠിത സംയോജിതകൃഷി, സംയോജിത മട്ടുപ്പാവ് കൃഷി, തുടങ്ങിയ കൃഷി രീതികൾ അദ്ദേഹം പരിചയപ്പെടുത്തി. സ്ഥല പരിമിതിയും നാമമാത്ര കർഷകരുടെ വർധനവും സംയോജിത കൃഷിക്ക് പ്രാധാന്യം വർധിപ്പിക്കുന്നുവെന്ന അദ്ദേഹം പറഞ്ഞു.

കർഷകർ ഉന്നയിച്ച സംയോജിത കൃഷിയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്കും മറ്റ കാർഷിക പ്രശ്നങ്ങൾക്കും അദ്ദേഹം സംശയ നിവാരണം നടത്തി. നൂറോളം കർഷകർ സെമിനാറിൽ പങ്കെടുത്തു.

# ജനസാഗരത്തെ വരവേറ്റ് പൂപ്പൊലി

സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ നിന്ന് പൂക്കളുകളുടെ വിസ്മയ ലോകം കാണാൻ ജനങ്ങൾ ഒഴുകിയെത്തിയതോടെ അമ്പലവയൽ പൂപ്പൊലി അക്ഷരാർത്ഥത്തിൽ ജനസാഗരമായി.

സ്കൂളുകൾ കോളേജുകൾ എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും അധ്യാപകരും മറ്റ സ്ഥാപനങ്ങളിൽ നിന്നുള്ള ആളുകളും സഞ്ചാരികളും എത്തിയതോടെ ഇതുവരെ അനുഭവപ്പെടാത്ത ജനപങ്കാളിത്തം കൊണ്ട് പൂപ്പൊലി വ്യത്യസ്തമായി.

കണ്ണിനും മനസ്സിനും കുളിർമയും ആഹ്ലാദവും വിസ്മയവും തീർക്കുന്നതിനൊപ്പം പൂപ്പൊലി വിജ്ഞാനപ്രദമായ സെമിനാറുകളും സംഘടിപ്പിക്കുന്നുണ്ട്.

പൂപ്പൊലിയുടെ നാലാമത്തെ ദിവസമായ ജനവരി നാലിന് അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രവും കൃഷി വിജ്ഞാന കേന്ദ്രവും ചേർന്ന കെ. വി. കെ. ട്രെയിനിങ് ഹാളിൽ രാവിലെ 10 മണി മുതൽ 1 മണി വരെ കാർഷിക സെമിനാറുകൾ സംഘടിപ്പിച്ചു.

ആദ്യ സെമിനാറിൽ "ഉറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി - എൻജിനീയറിംഗ് വശങ്ങൾ " എന്ന വിഷയത്തിൽ കേളപ്പജി കോളജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജി തവനൂർ, മലപ്പുറം പ്രൊഫസർ ഡോ. അബ്ദുൽ ഹക്കീം വി എം സംസാരിച്ചു. രണ്ടാമത്തെ സെമിനാറായ "ഉറസ്സായസ്ഥലത്തെ കൃത്യതാ കൃഷി - വിള പരിപാലന മുറകൾ" നയിച്ചത് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി മണ്ണ് ശാസ്ത്രവിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ഡോ. തുളസീ വി ആണ്.

കർഷകർ ഉന്നയിച്ച ഉറസായ കൃത്യത കൃഷി രീതിയെ കുറിച്ചുള്ള സംശയങ്ങൾ നിവാരണം നടത്തി. നൂറോളം കർഷകർ സെമിനാറിൽ പങ്കെടുത്തു.



# ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെ സ്റ്റാൾ ശ്രദ്ധേയമാകുന്നു

പൂപ്പൊലിയോട് അനുബന്ധിച്ച് വയനാട് ജില്ല ലീഗൽ സർവീസ് അതോറിറ്റിയുടെ സ്റ്റാൾ വിദ്യാർത്ഥികളുടെയും സ്ത്രീകളുടെയും വർധിച്ച പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുണ്ടാകുന്ന അക്രമങ്ങൾക്കെതിരെയുള്ള നിയമപരിരക്ഷ, നിയമ അവബോധം. എന്നിവയെ കുറിച്ചുള്ള അറിവ് സ്റ്റാളിൽ നിന്ന് നേരിട്ട് കേട്ട് മനസ്സിലാക്കുന്നതോടൊപ്പം തന്നെ ഇവയെ കുറിച്ചിട്ടുള്ള ലഘു പുസ്തകങ്ങൾ സൗജന്യമായി സ്റ്റാളിൽ നി



ന്നുലഭിക്കും. ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെ സെക്രട്ടറിയും സബ് ജഡ്ജുമായ ശ്രീ. സി. ഉബൈദുള്ള സ്റ്റാളിന്റെ ഉദ്ഘാടനം നിർവഹിച്ചു.

# മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ ഇനി കർഷകർക്ക് സ്വന്തം

സംസ്ഥാനത്തിനു കൂടുതൽ ധനസഹായം ലഭ്യമാക്കുമെന്ന് ബഹു. കേന്ദ്ര മൃഗ സംരക്ഷണ വകുപ്പ് മന്ത്രി ശ്രീ. പർഷോത്തം രൂപാല.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കേരളത്തിലെ 29 സഞ്ചരിക്കുന്ന വെറ്ററിനറി ക്ലിനിക്കുകളുടെ ഉദ്ഘാടനം കേന്ദ്ര ഫിഷറീസ്-മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീ. പർഷോത്തം പുരുഷാല ഫ്ലാഗ് ഓഫ് ചെയ്ത് നിർവ്വഹിച്ചു. 1962 എന്ന ടോൾ ഫ്രീ നമ്പർ മുഖാന്തരം പ്രവർത്തിക്കുന്ന മൊബൈൽ വെറ്ററിനറി ക്ലിനിക്കുകളുടെ സംസ്ഥാന കോൾ സെന്ററിന്റെ ഉദ്ഘാടനം ബഹു. കേന്ദ്ര വിദേശകാര്യ-പാർലമെന്ററി സഹമന്ത്രി ശ്രീ. വി.മുരളീധരൻ ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം കാര്യവട്ടത്തെ ട്രാവൻകൂർ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വെച്ച് നടന്ന ഉദ്ഘാടനച്ചടങ്ങിൽ ബഹു. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ.ചിഞ്ചുറാണി അദ്ധ്യക്ഷത വഹിച്ചു.

പ്രധാനമന്ത്രിയുടെ സ്വപ്ന പദ്ധതിയാണ് ഇന്ത്യ മുഴുവൻ പശുപരി



പാലനത്തിന് വേണ്ടിയുള്ള സൗകര്യങ്ങൾ ഒരുക്കുക എന്നത്. കേരളം ഇത് ഏറ്റെടുത്തു ആദ്യം തന്നെ നടപ്പിലാക്കിയതിൽ സംസ്ഥാന സർക്കാരിനെ കേന്ദ്രമന്ത്രി അഭിനന്ദിച്ചു. കൂടുതൽ ചെറുപ്പക്കാർ സാങ്കേതിക പരിജ്ഞാനം ഉപയോഗപ്പെടുത്തി ഈ രംഗത്തേക്ക് കടന്നു വരണമെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാനത്തെ പക്ഷിപ്പനി, ആഫ്രിക്കൻ പന്നിപ്പനി എന്നിവ മൂലം നാശനഷ്ടം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരം നൽകാനുള്ള നടപടികൾ ഉടൻ പരിഹരിക്കുമെന്നും മന്ത്രി പർഷോത്തം രൂപാല ഉറപ്പ് നൽകി.കേരളം ആവശ്യപ്പെട്ട രീതിയിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് നടത്തിപ്പിന് വേണ്ടി വരുന്ന തുകയും കേന്ദ്രസർക്കാർ വഹിക്കണമെന്ന ആവശ്യത്തിന് മതിയായ സഹായം നൽകുമെന്നും അദ്ദേഹം ചടങ്ങിൽ ഉറപ്പ് നൽകി.

ചടങ്ങിൽ ശ്രീ. ബിനോയ് വിശ്വം എം.പി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി . സുരേഷ്കുമാർ, കേന്ദ്ര മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി കമ്മീഷണർ ഡോ. സുരീന്ദർ പാൽ തുടങ്ങിയവർ പങ്കെടുത്തു.

60ശതമാനം കേന്ദ്രസർക്കാരും 40ശതമാനം സംസ്ഥാന സർക്കാരും ചേർന്ന് ചെലവ് വഹിക്കുന്ന "ലൈവ് സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ" എന്ന പദ്ധതിയുടെ കീഴിലാണ് മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ യാഥാർഥ്യമാകുന്നത്. കർഷകർക്ക് യാതൊരു വിധ അധിക ചാർജും ഈടാക്കാതെ ഏകീകൃത സേവന നിരക്കിൽ മരുന്നുൾപ്പെടെ വീട്ടുപടിക്കൽ സേവനം ലഭിക്കും. കന്നുകാലികൾ,കോഴികൾ മുതലായവയെ കർഷകരുടെ വീട്ടുപടിക്കൽ എത്തി ചികിത്സ നൽകുന്നതിന് 450 രൂപയും കൃത്രിമ ബീജദാനം നൽകുന്നുണ്ടെങ്കിൽ 50 രൂപയും അധികം ഈടാക്കും . അരുമ മൃഗങ്ങളെ ഉടമയുടെ വീട്ടുപടിക്കൽ എത്തി ചികിത്സിക്കുന്നതിന് 950 രൂപയാണ് നിരക്ക്. ഒരേ ഭവനത്തിൽ കന്നുകാലികൾ, പൗൾട്രി മുതലായവയ്ക്കും അരുമ മൃഗങ്ങൾക്കും ഒരേസമയം ചികിത്സ ആവശ്യമുണ്ടെങ്കിൽ 950 രൂപയാണ് ഈടാക്കുക.

മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. വിനുജി ഡി.കെ സ്വാഗതം പറഞ്ഞ പരിപാടിയിൽ, അഗ്രി ഡിവിഷൻ പ്ലാനിംഗ് ബോർഡ് ചീഫ് ശ്രീ. എസ്.എസ് നാഗേഷ്, അഡീഷണൽ ഡയറക്ടർ ഡോ.കെ സിന്ധു, ഡയറക്ടർ ഐ.എ .എച്ച് ആന്റ് വി ബി, ഡോ.വിന്നി ജോസഫ്, കെ.എസ്.പി.ഡി.സി എം.ഡി ഡോ.സെൽവകുമാർ വെറ്ററിനറി കൗൺസിൽ രജിസ്ട്രാർ ഡോ. നാഗരാജ പി, കെ.എൽ.ഡി.ബി എംഡി ഡോ.രാജീവ് ആർ, തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ.ബീന ബീവി ടി.എം കൃതജ്ഞത രേഖപ്പെടുത്തി സംസാരിച്ചു.

# നെടുമങ്ങാട് കൃഷിദർശൻ പരിപാടി സ്വാഗതസംഘം രൂപീകരിച്ചു

സംസ്ഥാന സർക്കാരും കൃഷി വകുപ്പും മുൻകൈയെടുത്ത് സംസ്ഥാനമൊട്ടാകെ കൃഷിദർശൻ എന്ന പരിപാടി നടന്നു വരുന്നു. തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് കാർഷിക ബ്ലോക്ക് കേന്ദ്രീകരിച്ച് വിവിധ കർഷകരെയും കർഷക പ്രസ്ഥാനങ്ങളെയും വിവിധ ജനവിഭാഗങ്ങളെയും കൂടിയോജിപ്പിച്ചു കൊണ്ട് ജനവരി 24 മുതൽ 28 വരെ കൃഷിദർശൻ പരിപാടി നടത്തുന്നു. ത്രിതല ഗ്രാമപഞ്ചായത്ത്, സഹകരണ സംഘങ്ങൾ എന്നിവർ ഈ പരിപാടിയിൽ ഭാഗവാക്കാവുന്നു. കേരള സർക്കാരിന്റെ ശ്രദ്ധേയമായ ഇടപെടൽ കർഷകരുടെ പരിപാടിയാക്കി മാറ്റി കർഷകരുടെ അടുക്കലേക്ക് സർക്കാർ സംവിധാനം എത്തുന്ന എന്നതാണ് ഈ പരിപാടിയുടെ സന്ദേശമെ ന്ന് കൃഷിദർശൻ സ്വാഗതസംഘയോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി അഡ്വ. ജി ആർ അനിൽ അറിയിച്ചു. കാർഷിക വൃത്തിയിൽ നിലവിലെ അവസ്ഥയ്ക്കു




മാറ്റം വരുത്തണമെങ്കിൽ ഉത്പന്നങ്ങളുടെ സംഭരണം, വിതരണം എന്നിവ കാര്യക്ഷമമാകണം. കൃഷിദർശൻ പരിപാടിയോടു കൂടി നെടുമങ്ങാടിന് തനതായ ഒരു ഉത്പന്നം വിപണിയിൽ എത്തിക്കാൻ സാധിക്കും. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ആവശ്യകത മനസ്സിലാക്കി ഉത്പന്ന വൈവിദ്ധീകരണം നടപ്പിലാക്കണം. സഹകരണ പ്രസ്ഥാനങ്ങളുടെ ഇടപെടലുകളും സാധ്യതകളും മനസ്സിലാക്കി അവരെയും ഈ പരിപാടിയിലേക്ക് കൊണ്ടുവരുന്നതിന് പ്രയത്നിക്കണം എന്ന് അഡ്വ. ജി.ആർ. അനിൽ ചടങ്ങിൽ അറിയിച്ചു. ചടങ്ങിൽ ആർ സുനിൽകുമാർ കൃഷി അഡീഷണൽ ഡയറക്ടർ, ശ്രീ. ബൈജു സൈമൺ പ്രിൻസിപ്പൽ കൃഷി ഓഫീസർ, ശ്രീ. എസ് ആർ രവീന്ദ്രൻ നെടുമങ്ങാട് മുൻസിപ്പൽ വൈസ് ചെയർമാൻ, ശ്രീ. ബി കെ അനിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ഫാം ഇൻഫർമേഷൻ ബ്യൂറോ, ശ്രീമതി. സിന്ധു കൃഷി ഡെപ്യൂട്ടി ഡയറക്ടർ വിവിധ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# എജീസ് ഓഫീസിലെ മുത്തശ്ശിമാവ് ഇനി കൂടുതൽ പേർക്ക് തണലേകും



തിരുവനന്തപുരം അക്കൗണ്ടന്റ്ജനറൽ ആഫീസ് പരിസരത്ത് മാമ്പഴകാലമോ സീസണോ ഇല്ലാതെ വർഷത്തിൽ നാലുതവണ കുലകുത്തികായ്ക്കുന്ന മുത്തശ്ശി മാവിന്റെ ഗ്രാഫ്റ്റ് തൈ, സെക്രട്ടറിയേറ്റ് അങ്കണത്തിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നട്ടുപിടിപ്പിച്ചു.

എജിസ് ഓഫീസ് പരിസരത്ത് നിൽക്കുന്ന മുത്തശ്ശിമാവിന്റെ തൈകൾ മുഖ്യമന്ത്രിയുടെ പ്രത്യേക നിർദ്ദേശപ്രകാരമാണ് സെക്രട്ടറിയേറ്റ് അങ്കണത്തിൽ വെച്ചുപിടിപ്പിച്ചത്. ബഹു. കൃഷിമന്ത്രി ശ്രീ. പി പ്രസാദ് കാർഷികോത്പ്പാദന കമ്മീഷണർ ശ്രീമതി. ഇഷിതാ റോയ് ഐ.എ.എസ്, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ശ്രീ. കെ.കെ. രാഗേഷ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഏജീസ് ഓഫീസിലെ പി.ആർ.ഒ. ശ്രീ. രാജ്മോഹൻ, കേരള സർവകലാശാലയുടെ ജൈവ വൈവിദ്യ കേന്ദ്രം ഡയറക്ടർ Dr. ഗംഗാപ്രസാദ് എന്നിവരുടെ കൂട്ടായ പരിശ്രമങ്ങൾക്കൊടുവിൽ



ഏജീസ് പരിസരത്തു നിൽക്കുന്നതും ഒട്ടേറെ സവിശേഷതകൾ നിറഞ്ഞ 100 വർഷത്തിന്മേൽ പ്രായമായ മുത്തശ്ശി മാവും വർഷത്തിൽ 4 പ്രാവശ്യം കായ്ക്കുന്നതും ഒരു മാങ്ങയ്ക്ക് 500 ഗ്രാം മുതൽ 2 കിലോഗ്രാം വരെ ഉൂക്കം വരുന്നതും സ്വാദിഷ്ടമായതും മാവിന്റെ തൈകൾ ഗ്രാഫ്റ്റിംഗ് മാർഗത്തിലൂടെ ഉൽപാദിപ്പിച്ചെടുക്കുകയായിരുന്നു.

AG-Aam (അഗാം) എന്നാണ് മാവിനു പേരിട്ടിരിക്കുന്നത്. മറ്റ് മന്ത്രി മന്ദിരങ്ങളിലും പ്രധാനപ്പെട്ട ഓഫീസുകളിലും ഇതിന്റെ തൈകൾ വച്ചുപിടിപ്പിക്കുവാനാണ് ഉദ്ദേശമെന്ന് സെക്രട്ടറിയേറ്റ് ഗാർഡൻ സൂപ്പർവൈസർ സുരേഷ് അറിയിച്ചു.

# അഴൂർ ഗ്രാമപഞ്ചായത്തിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു, പക്ഷികളെ കൊല്ലും

തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിൽ പക്ഷിപ്പനി സ്ഥിരീകരിച്ചതിനെ തുടർന്ന് തിങ്കളാഴ്ച മുതൽ പക്ഷികളെ കൊന്നു തുടങ്ങും. കഴിഞ്ഞ ദിവസം ഭോപ്പാലിലെ എൻ.ഐ. എച്ച്.എസ്. എ. ഡി ലാബിൽ നടത്തിയ പരിശോധനയിലാണ് രോഗം

സ്ഥിരീകരിച്ചത്. പക്ഷിപ്പനിയുടെ പ്രഭവകേന്ദ്രമായ അഴൂർ ഗ്രാമപഞ്ചായത്തിലെ പെരുങ്ങുഴി ജംഗ്ഷൻ വാർഡി (വാർഡ് 15) ന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള വാർഡുകളായ റെയിൽവേ സ്റ്റേഷൻ വാർഡ് (വാർഡ് 17) പൂർണമായും, പഞ്ചായത്ത് ഓഫീസ് വാർഡ് (വാർഡ് 16), കൃഷ്ണപുരം വാർഡ് ( വാർഡ് 7 ), അക്കരവിള വാർഡ് (വാർഡ് 14), നാലുമുക്ക് (വാർഡ് 12) കൊട്ടാരം തുരുത്ത് (വാർഡ് 18) എന്നീ വാർഡുകൾ ഭാഗികമായി ഉൾപ്പെട്ട പ്രദേശങ്ങളിലെ മുഴുവൻ കോഴി, താറാവ്, മറ്റു അരുമ പക്ഷികൾ എന്നിവയെ കൊന്ന്, മുട്ട , ഇറച്ചി, കാഷ്ഠം (വളം ) തീറ്റ എന്നിവയും കത്തിച്ച് നശിപ്പിക്കും. ഒരു കിലോമീറ്ററിന് ചുറ്റുമുള്ള ഒൻപത് കിലോമീറ്ററിൽ ഉൾപ്പെടുന്ന കിഴുവിലം, കടക്കാവൂർ കീഴാറ്റിങ്ങൽ ചിറയിൻകീഴ് , മംഗലപുരം, അണ്ടൂർകോണം, പോത്തൻകോട് എന്നീ ഗ്രാമപഞ്ചായത്തുകളും തിരുവനന്തപുരം കോർപ്പറേഷനിലെ കഴക്കൂട്ടം (വാർഡ് 1 ), ആറ്റിപ്ര വാർഡിലെ ആറ്റിൻകുഴി പ്രദേശം എന്നിവയും ഉൾപ്പെടുന്ന സർവൈലൻസ് സോണിന്റെ പരിധിയിൽ നിന്നും പുറത്തേക്കും അകത്തേക്കും കോഴി, താറാവ്, അരുമ പക്ഷികൾ എന്നിവയുടെ കൈമാറ്റം, കടത്ത്, വിൽപ്പന എന്നിവ നിരോധിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു . ഈ പഞ്ചായത്തുകളിൽ നിന്നും പുറത്തേക്ക് മുട്ട, ഇറച്ചി,വളം,തീറ്റ എന്നിവയുടെ വില്പന, നീക്കം എന്നിവയ്ക്കും മൂന്നു മാസത്തേക്ക് നിരോധനം ഉണ്ടായിരിക്കും. മൃഗസംരക്ഷണ വകുപ്പിന്റെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ തിങ്കളാഴ്ച മുതൽ പക്ഷികളെ കൊല്ലുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും എല്ലാവരും സഹകരിക്കണമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

അതേസമയം പൊതുജനങ്ങൾ പരിഭ്രാന്തരാകേണ്ടതില്ലെന്നും ജാഗ്രത പാലിക്കണമെന്നും വളർത്തു പക്ഷികളിൽ അസ്വാഭാവികമായി കൂട്ടമരണം സംഭവിക്കുന്ന സാഹചര്യങ്ങളിൽ ആ വിവരം അടുത്തുള്ള മൃഗാശുപത്രിയിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും മൃഗസംരക്ഷണ ഓഫീസറും അറിയിച്ചു.

പക്ഷിപ്പനി രോഗബാധയുടെ പശ്ചാത്തലത്തിൽ മൃഗസംരക്ഷണ വകുപ്പ് പുറപ്പെടുവിക്കുന്ന ജാഗ്രതാ നിർദ്ദേശം

### ശ്രദ്ധിക്കേണ്ടതും പാലിക്കേണ്ടതും

1. ചത്ത പക്ഷികളെയും രോഗം ബാധിച്ചവയെയോ ദേശാടനക്കിളികളെയോ ഇവയുടെയൊക്കെ കാഷ്ഠമോ ഒക്കെ കൈകാര്യം ചെയ്യേണ്ട സാഹചര്യം വന്നാൽ അതിനുമുൻപും ശേഷവും ചൂടുവെള്ളവും സോപ്പും ഉപയോഗിച്ച് കൈകൾ ഇടയ്ക്കിടെ കഴുകി വൃത്തിയാക്കേണ്ടതാണ്.
2. രോഗത്തിന്റെ പ്രഭവ കേന്ദ്രത്തിൽ നിന്നും ഒരു കിലോമീറ്റർ ചുറ്റളവിൽ ഉള്ള രോഗം ബാധിച്ചതോ ചത്തതോ ആയ പക്ഷികളെ കൈകാര്യം ചെയ്യുമ്പോൾകൈയുറയും മാസ്കും നിർബന്ധമായും ധരിക്കേണ്ടതാണ്.
3. കോഴികളുടെ മാംസം (പച്ചമാംസം ) കൈകാര്യം ചെയ്യുന്നതിന് മുൻപും പിൻപും സോപ്പും വെള്ളവും ഉപയോഗിച്ച് കൈകൾ വൃത്തിയാക്കേണ്ടതാണ്.
4. നന്നായി പാകം ചെയ്ത മാംസവും മുട്ടയും മാത്രമേ ഉപയോഗിക്കാവൂ.
5. നിങ്ങളുടെ തൊട്ടടുത്ത് അസാധാരണമാംവിധം പക്ഷികളുടെ മരണം ശ്രദ്ധയിൽപ്പെട്ടാൽ അടുത്തുള്ള മൃഗസംരക്ഷണ വകുപ്പ് സ്ഥാപനത്തിൽ അറിയിക്കുക.
6. പക്ഷികളെ കൈകാര്യം ചെയ്തശേഷം എന്തെങ്കിലും ശാരീരിക അസ്വസ്ഥത അനുഭവപ്പെട്ടാൽ അടുത്തുള്ള മെഡിക്കൽ ഡോക്ടറെ ബന്ധപ്പെടുക.
7. വ്യക്തി ശുചിത്വം കൃത്യമായി പാലിക്കുക.
8. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക.
9. രോഗം ബാധിച്ച പക്ഷികളെ കൊന്നൊടുക്കുന്നതിനും രോഗബാധിത പ്രദേശങ്ങൾ ശുചീകരിക്കുന്നതിനും ഉദ്യോഗസ്ഥരുമായി സഹകരിക്കുക.
10. ശുചീകരണത്തിനായി 2% സോഡിയം ഹൈഡ്രോക്സൈഡ് ലായനി,പൊട്ടാസ്യം പെർമാംഗനേറ്റ് ലായനി ,കുമ്മായം എന്നിവ ഉപയോഗിക്കാവുന്നതാണ്.
12. നിരീക്ഷണ മേഖലയിൽ പക്ഷികളുടെ മരണം ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നിർബ്ബന്ധമായും അറിയിക്കേണ്ടതാണ്.

### ചെയ്യരുതാത്തത്

1. ചത്തതോ രോഗം ബാധിച്ചതോ ആയ പക്ഷികളെ യോ ദേശാടനക്കിളികളുടേയോ അവയുടെ കാഷ്ഠമോ നേരിട്ട് കൈകാര്യം ചെയ്യേണ്ട സാഹചര്യം ഒഴിവാക്കുക.
2. പകുതി വേവിച്ച മുട്ടകൾ കഴിക്കരുത് (ബുൾസ് ഐപോലുള്ളവ)
3. പകുതി വേവിച്ച മാംസം കഴിക്കരുത്.
4. രോഗബാധയുള്ള പക്ഷികൾ ഉള്ള പ്രദേശത്തു നിന്നും ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശത്തു നിന്നും പക്ഷികളെ വാങ്ങുകയോ വിൽക്കുകയോ അരുത്

# അട്ടപ്പാടി മില്ലറ്റ് ലോക മാർക്കറ്റിൽ എത്തിക്കും : കൃഷിമന്ത്രി ശ്രീ.പി. പ്രസാദ്



വെ അട്ടപ്പാടിയിൽ ചെറുധാന്യങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം തന്നെ ചെറു ധാന്യങ്ങളുടെ വിവിധതരത്തിലുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ആഗോള നിലവാരത്തിൽ നിർമ്മിക്കുകയും ലോക മാർക്കറ്റിൽഎത്തിക്കുകയും ചെയ്യും. ജൈവ ഉൽപ്പന്നങ്ങൾക്ക് ലോക മാർക്കറ്റിൽ വലിയ ആവശ്യകത ഉണ്ട്. ജൈവരീതിയിൽ ഉല്പാദിപ്പിക്കുന്ന ചെറു ധാന്യങ്ങൾ ഉയർന്ന നിലവാരത്തിലുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ആക്കാൻ ആവശ്യമായ എല്ലാവിധ പരിശീലനങ്ങളും ആദിവാസി വിഭാഗങ്ങൾക്ക് ഗവൺമെന്റ് തലത്തിൽ നിന്ന് ലഭ്യമാക്കും എന്ന് ബഹു. കൃഷിമന്ത്രി ശ്രീ. പി പ്രസാദ്.

2023 അന്താരാഷ്ട്ര ചെറുധാന്യ വർഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും ചെറുധാന്യ കൊയ്ത്തുൽസവവും അട്ടപ്പാടി ചെമ്മണ്ണൂർ വച്ച് ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്ന മന്ത്രി.

ആദിവാസി ജനവിഭാഗത്തിന്റെ സമൂലമായ ഉന്നമനം ലക്ഷ്യമാക്കി, അട്ടപ്പാടിയുടെ തനത് കാർഷിക സാംസ്കാരിക പൈതൃകം തിരിച്ചു കൊണ്ടുവരുന്നതിനും ആദിവാസി ഗോത്ര സമൂഹത്തിന്റെ സമഗ്ര പുരോഗതിക്കുമായി നടപ്പിലാക്കുന്ന പദ്ധതിയാണ് മില്ലറ്റ് വില്ലേജ്. സൂപ്പർ ഫുഡ് എന്നറിയപ്പെടുന്ന ചെറു ധാന്യങ്ങൾ ഉപയോഗിക്കുന്നതിലൂടെ പോഷകാഹാകാരക്കുറവ് പരിഹരിക്കുവാനും ശിശു മരണം നിരക്ക് കുറച്ചു കൊണ്ടു വരുവാനും നമുക്ക് സാധിക്കും. ഇപ്പോൾ 73 ഊരുകളിലായി നടപ്പിലാക്കുന്ന ചെറു ധാന്യ കൃഷി 192 ഊരുകളിലേക്കും വ്യാപിപ്പിക്കുകയും ചെറു ധാന്യങ്ങളിൽ നിന്നുള്ള വിവിധങ്ങളായ മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉന്നത നിലവാരത്തോടുകൂടി നിർമ്മിച്ച് അട്ടപ്പാടിയുടെ സ്വന്തം ബ്രാൻഡിൽ ആഗോള വിപണിയിൽ എത്തിക്കുവാനും സാധിക്കും.

വന്യമൃഗങ്ങളിൽ നിന്ന് കൃഷിക്കും മനുഷ്യർക്കും സംരക്ഷണം തീർക്കുന്നതിനുള്ള ശാസ്ത്രീയമായ ഇടപെടലുകൾ സർക്കാർ തലത്തിൽ ഉണ്ടാകും. ഇതിനുവേണ്ടി പ്രത്യേക തുക വിലയിരുത്തുന്നത് സർക്കാറിന്റെ പരിഗണനയിലുണ്ട്.

പൂർണ്ണമായും ജൈവരീതിയിൽ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾക്ക് ജൈവ സർട്ടിഫിക്കേഷന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ ആരംഭിച്ചിട്ടുണ്ട്. 926 കർഷകർക്ക് ജൈവ സർട്ടിഫിക്കേഷന് ലഭിച്ചിട്ടുണ്ട്. 350 കർഷകർക്ക് കൂടി ഉടൻതന്നെ ജൈവ സർട്ടിഫിക്കേഷന് ലഭിക്കും. ഭൗമസൂചിക പദവി ലഭിച്ച ആട്ടുകൊമ്പ് അവര അട്ടപ്പാടി തുവര എന്നിവ കേരളത്തിന്റെ തന്നെ അഭിമാനമാണ്.

ചെറു ധാന്യങ്ങൾ എത്ര ഉത്പാദിപ്പിച്ചാലും ഇന്ന് വിപണി ലഭ്യമാണ്.

റീ ബിൽഡ് കേരള ഇനിഷ്യേറ്റിവ് അട്ടപ്പാടി ആദിവാസി സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതിയിൽ വിഭാവനം ചെയ്തതനുസരിച്ച് ചെറുധാന്യ കർഷകരുടെ ഒരു ഉത്പാദക സംഘം അട്ടപ്പാടി ട്രൈബൽ ഫാർമേഴ്സ് അസോസിയേഷന് ഫോർ മില്ലെറ്റ്സ് എന്ന പേരിൽ രജിസ്റ്റർ ചെയ്തു പ്രവര്ത്തനം ആരംഭിച്ചിട്ടുണ്ട്.

ചടങ്ങിൽ മുതിർന്ന ആദിവാസി കർഷകനായ ചെല്ല മൂപ്പനെ കൃഷിമന്ത്രി ആദരിച്ചു.

മണ്ണാർക്കാട് എം എൽ എ അഡ്വ. എൻ ഷംസുദ്ദീൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. അഗളി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് അംബിക ലക്ഷ്മണൻ, പുതൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. ജ്യോതി അനിൽകുമാർ, ഷോളയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. സി.കെ. ചാമുണ്ണി മറ്റു ത്രിതല ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ സാമൂഹ്യ പ്രവർത്തകർ കർഷകർ ആദിവാസി കർഷക ഗ്രൂപ്പുകൾ എന്നിവർ ആശംസകൾ അറിയിച്ചു.

കേരള സ്റ്റേറ്റ് അഗ്രികൾച്ചറൽ പ്രൈസ് ബോർഡ് ചെയർമാൻ ഡോ. രാജശേഖരൻ പി, അഗളി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. ലത, മറ്റു കൃഷി ഉദ്യോഗസ്ഥർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഇൻ ചാർജ് ശ്രീ. ജോർജ് അലക്സാണ്ടർ സ്വാഗതവും പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. എ കെ സരസ്വതി നന്ദിയും പറഞ്ഞു.

# ജാതി പ്രായോഗിക പരിശീലന പരിപാടി

വെള്ളാനിക്കര കാർഷിക കോളേജിലെ, തോട്ട സുഗന്ധവിള വിഭാഗവും അടയ്ക്കാ സുഗന്ധവിള വികസന ഡയറക്ടറേറ്റും (കോഴിക്കോട് ) സംയുക്തമായി ജാതി പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിച്ചു. പരിപാടി കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി ഡോക്ടർ. മധു സുബ്രഹ്മണ്യം അവർകൾ ഉൽഘാടനം ചെയ്തു. പരിപാടിയിൽ പങ്കെടുത്ത് കാർഷിക കോളേജ് ഡീൻ ഡോക്ടർ. മണി ചെല്ലപ്പൻ, M. I. D. H. നോഡൽ ഓഫീസർ ഡോക്ടർ. ജലജ. എസ്. മേനോൻ, D. A. S. D. DEPUTY DIRECTOR Dr. ഫെമിന തോട്ട സുഗന്ധവിള വിഭാഗം മേധാവി Dr. അനിത. പി. മുതിർന്ന ജാതി കർഷകൻ, ശ്രീ. ജോസി കൊച്ചുകൊടി എന്നിവർ സംസാരിച്ചു. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, എറണാകുളം ജില്ലകളിലെ തിരഞ്ഞെടുത്ത, 50 ജാതി കർഷർക്ക് ജാതി പരിപാലനം, സസ്യ സംരക്ഷണം, മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ പരിശീലനം നൽകി







ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Padmam S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh